(സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതിക വിദ്യ, ഇന്നവേഷൻ, നൂതന കണ്ടുപിടിത്തങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കഴിവുള്ള യുവസംരംഭകരെ കയർ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ ഈ പദ്ധതി സഹായകരമാകുമെന്ന് കരുതുന്നു.

(ഡി) നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിൽ ഗവേഷണ വികസന സ്ഥാപനമായ എൻ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കയർ ഗ്രാമം പദ്ധതി

190 (1223) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കയർഗ്രാമം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനായി സ്വകാര്യ മേഖലയിൽനിന്നും പങ്കാളിത്തം ഉണ്ടായിട്ടുണ്ടോ ; പ്രസ്തുത പദ്ധതിക്കായി സർക്കാർ എത്ര തുക ചെലവഴിച്ചു ;

(സി) ഇതുമൂലം കയർ മേഖലയ്ക്ക് എന്തെങ്കിലും ഗുണം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി& സി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കയർ മേഖലയിലെ യന്ത്രവൽക്കരണം

191 (1224) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ യന്ത്രവൽക്കരണം ദ്രുതഗതിയിൽ നടപ്പിലാക്കുമ്പോൾ ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് എപ്രകാരമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പിലാക്കുമ്പോൾ ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly